I ഇ.ബി. XIII-കേരള നിയമസഭ/XII-5

# പതിമൂന്നാം കേരള നിയസഭ

പന്ത്രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2014 ഡിസംബർ 5, വെള്ളി**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

അറിയിപ്പ്

ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നിര്യാണം

മി. ഡെപ്യൂട്ടി സ്പീക്കർ : ഇന്നലെ അന്തരിച്ച ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർക്ക് ആദരാഞ്ജലി അർപ്പിക്കുവാൻ അംഗങ്ങൾക്ക് സൗകര്യമുണ്ടാക്കുന്നതിനായി ഇന്നത്തെ സഭാനടപടികൾ ക്രമീകരിക്കണമെന്ന നിർദ്ദേശത്തിന്മേൽ ഇന്നലെ എല്ലാവരുമായി ആലോചിച്ച് ഒരു ധാരണയിലെത്തിയിട്ടുണ്ട്. അതുകൊണ്ട് ഇന്ന് ചോദ്യോത്തരവേള, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, അനൗദ്യോഗികാംഗങ്ങളുടെ

കാര്യം എന്നിവ ഒഴിവാക്കണമെന്ന നിർദ്ദേശത്തിന് സഭയുടെ അംഗീകാരമുണ്ടെന്ന് ചെയർ കരുതുന്നു. കാര്യവിവരപട്ടികയിലെ റിപ്പോർട്ട് സമർപ്പണവും റിപ്പോർട്ട് പരിഗണനയും ഒഴികെയുള്ള എല്ലാ ബിസിനസ്സുകളും ഒഴിവാക്കുന്നു.

<u>റിപ്പോർട്ട് സമർപ്പണം</u>

താഴെ പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

(2) 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(3) 2014-ലെ കേരള മത്സ്യവിത്ത് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(4) 2014-ലെ കേരള മാരിടൈം ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(5) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ആറ് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ

<u>റിപ്പോർട്ട് പരിഗണന</u>

കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സഭ

അംഗീകരിച്ചു.

(ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ ശവസംസ്കാര ചടങ്ങുകളിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന അംഗങ്ങൾക്കായി നിയമസഭാ സെക്രട്ടറിയേറ്റിൽനിന്നും വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അറിയിച്ചു.)

സഭ രാവിലെ 8.33-ന് പിരിഞ്ഞു.